©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2026 ആഗസ്റ്റ് 04
04th August 2026
1201 കർക്കടകം 19
19th Karkadakam 1201
1948 ശ്രാവണം 13
13th Sravana 1948

നമ്പർ No. 2215

കൊറ്റങ്കര ഗ്രാമപഞ്ചായത്ത്

തിരുത്തൽ വിജ്ഞാപനം

5988372-2026

2026 ജൂലൈ 21

കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ കൊറ്റങ്കര വില്ലേജിൽ ഉൾപ്പെട്ടതും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കി 24-03-2012 തീയതിയിൽ അസാധാരണ ഗസറ്റ് 595/02/ജി.പി-14 നമ്പരായി കേരള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ളതാണെന്ന് പ്രാദേശിക നിരീക്ഷണ സമിതി കണ്ടെത്തിയതും, ഡേറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി ബഹു.ആർ ഡി ഒ ഉത്തരവായതുമായ കൊറ്റങ്കര വില്ലേജിലെ താഴെ പറയുന്ന വ്യക്തികളുടെ വിവധ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട ഭൂമിയെ നെൽവയൽ തണ്ണീർത്തട ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കി വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
സെക്രട്ടറി

ആർ.ഡി.ഒ ഉത്തരവിൻ ഡേറ്റാ ബാങ്കിൽ പ്രകാരം തീർപ്പ് കൽപ്പിച്ച അപേക്ഷയുടെ വിശദ വിവരം.

ക്രമനമ്പർ	*നിലവിലുള്ള ഡാറ്റ ബാങ്കിലെ ക്രമനമ്പർ*	*വില്ലേജ്*	*ഉൾപ്പെട്ട വാർഡ്*	*സർവ്വേ നമ്പർ*	*പേരും വിലാസവും*	*വിസ്തീർണം (ആർ)*	*റീമാർക്സ് (ആർ ഡി ഒ ഉത്തരവ്)*
1		കൊറ്റങ്കര	17	461/13	വസന്ത, ഒറ്റപ്ലാവയ്യത്ത് വടക്കതിൽ, കിളികൊല്ലൂർ	0.0312	291/2026 തീയതി 18/05/2026
2	70	കൊറ്റങ്കര	16	154/1-2	സുരേഷ് ബാബു, ഇടതുണ്ടിൽ വീട്. പേരൂർ	0.0459	143/2026 തീയതി 20/02/2026
3	7199	കൊറ്റങ്കര	16	416/1-3	ഗിരിജ, വയലിൽ പുത്തൻ വീട്, പേരൂർ	0.0162	64/2026 തീയതി 20/02/2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണകുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരം കൊറ്റങ്കര ഗ്രാമപഞ്ചായത്തിലെ പ്രാദേശിക നിരീക്ഷണ സമിതി ഗ്രാമപഞ്ചായത്തിലെ കൊറ്റങ്കര വില്ലേജിൽ ഉൾപ്പെട്ട കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാബാങ്ക് തയ്യാറാക്കുകയും ആയത് 24-03-2012 തീയതിയിൽ അസാധാരണ ഗസറ്റ് 595/02/ജിപി-56 നമ്പരായി കേരളാ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുന്നതിനും ഡാറ്റാബാങ്ക് പരിഷ്കരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ 30-05-2017 ലെ അസാധാരണ ഗസറ്റ് നമ്പർ 1117 സ.ഉ. (പി) നമ്പർ 34/2017/റവന്യു തീയതി 30-05-2017 പ്രകാരം സർക്കാർ ഭേദഗതി ചെയ്തിരുന്നു. ആയത് പ്രകാരം കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെ ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ലഭിച്ച അപേക്ഷ പരിശോധിച്ച് തെറ്റായി ഉൾപ്പെട്ടവയാണെന്ന് കണ്ടെത്തിയ കൊറ്റങ്കര വില്ലേജിലെ വ്യക്തികളുടെ വിവിധ സർവ്വേ നമ്പരുകളിൾ ഉൾപ്പെട്ട ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന്ബഹുമാനപ്പെട്ട ആർ ഡി ഒ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ തിരുത്തൽ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.04 07:22:02 +05:30